# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4357 28-06-2012-ൽ മറുപടിക്ക്

## പട്ടയ ദുർവിനിയോഗം തടയാൻ നടപടി

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) നടപ്പു വർഷം എത്ര പേർക്ക് പട്ടയം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | എ) പട്ടയത്തിനായി അപേക്ഷിക്കുന്നവർക്ക് അർഹതയനുസരിച്ചും ഭൂമി ലഭ്യതയനുസരിച്ചും നിയമപ്രകാരം പട്ടയം നൽകുന്നതാണ്. |
| ബി) പട്ടയം ദുർവിനിയോഗം ചെയ്യുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) പട്ടയങ്ങളുടെ ദുർവിനിയോഗം തടയുന്നതിനായി സർക്കാരിന്റെ ഹോളോഗ്രാം പതിപ്പിച്ച പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് തീരുമാനമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഇനി വിതരണം ചെയ്യാൻ തയ്യാറായിരിക്കുന്ന പട്ടയങ്ങൾക്ക് ഹോളോഗ്രാം പതിപ്പിച്ച പട്ടയ ഫാറങ്ങൾ നൽകുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു. അതോടൊപ്പം തന്നെ പട്ടയ ഫാറങ്ങളിൽ യു.ഐ.ഡി / ഇലക്ഷൻ ഐ.ഡി. നമ്പർ രേഖപ്പെടുത്തുന്നതിനും പട്ടയം വിതരണം ചെയ്യുമ്പോൾ താലൂക്ക് തലത്തിൽ തയ്യാറാക്കുന്ന നമ്പർ II രജിസ്റ്ററിൽ നിലവിലെ രേഖപ്പെടുത്ത ലുകൾക്കൊപ്പം യു.ഐ.ഡി / ഇ. ഐ.ഡി. നമ്പരുംകൂടി രേഖപ്പെടുത്തുന്നതിനും നടപടിയെടുത്തുവരുന്നു. കൂടാതെ പട്ടയ ഭൂമി അന്യാധീനപ്പെടുത്താതിരിക്കുവാൻ പതിവ് |

(..........2)

| | |
|---|---|
| | നിയമങ്ങളിൽ വ്യവസ്ഥകളും നിഷ്കർഷിച്ചിട്ടുണ്ട്. |
| സി) അനധികൃതമായി ഭൂമി കൈയ്യേറുന്നവർക്കെതിരെ എപ്രകാരമുള്ള നടപടിയ്ക്കാണ് സർക്കാർ രൂപം നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ? | സി) സർക്കാർ ഭൂമി കൈയ്യേറുന്നവർക്ക് ഉയർന്ന ശിക്ഷ നൽകുന്നതിന് 2009-ൽ ഭൂ സംരക്ഷണ നിയമത്തിൽ കാതലായ മാറ്റം വരുത്തിയതിൻ പ്രകാരം ഭൂമി കൈയ്യേറുന്നവർക്കും ആയതിന് സഹായിക്കുന്നവർക്കും 3 വർഷം മുതൽ 5 വർഷം വരെ തടവു ശിക്ഷയും 5000 മുതൽ 2 ലക്ഷം രൂപ വരെ പിഴ ശിക്ഷയും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ 0.20.23 ഹെക്ടർ (50 സെന്റിൽ) വിസ്തീർണ്ണത്തിൽ കൂടുതലുള്ള സർക്കാർ ഭൂമി ജണ്ട ഇട്ട് സംരക്ഷിക്കുവാനുള്ള നടപടിക്ക് ഇടുക്കി ജില്ലയിൽ തുടക്കം കുറിച്ചിട്ടുള്ളതാണ്. സർക്കാർ ഭൂമിയിലെ കൈയ്യേറ്റം തടയുന്നതിനും കാര്യക്ഷമമായി സംരക്ഷിക്കുന്നതിനും പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് (പി.എൽ.പി.എഫ്) രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇവരെ വിന്യസിച്ചിരിക്കുകയാണ്.<br>പൊതുജനങ്ങളുടെ സഹായത്തോടുകൂടി സർക്കാർ ഭൂമി സംരക്ഷണം ഉറപ്പാക്കുന്നതിന് ഭൂമി സംബന്ധമായ മുഴുവൻ വിവരങ്ങളും എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും റവന്യു വകുപ്പിന് കീഴിലുള്ള സർക്കാർ ഭൂമിയുടെ |

(........3)

| | |
|---|---|
| | ഫോട്ടോ, സ്കെച്ച്, മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ് ശേഖരിച്ച് www.kslb.kerala.gov. in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ജില്ല കളിലെ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ അനധികൃത മായി കൈയ്യേറ്റം ഉണ്ടാകാതിരിക്കുവാൻ ആയത് വില്ലേജ് ഓഫീസർമാരുടെ നിരീക്ഷണത്തിലുമാണ്. മറ്റ് വകുപ്പുകള്ളുടെ അധീനത യിലുള്ള സർക്കാർ ഭൂമി യുടെ വിശദാംശം ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി കൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ